# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1727 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1727 /2022 തീയ്യതി: 07/03/2023

## ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2021 മുതൽ 13-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ. ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിന്ധു ജോസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബിനു പി ജോസ് | സെക്രട്ടറി | 01-04-2021 | 04-10-2021 |
| ശ്രീ പി ജി പ്രദീപ് | സെക്രട്ടറി | 05-10-2021 | 04-02-2022 |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 05-02-2022 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീന എൻ യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി ജിയ ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ഡോ കൃഷ്ണപ്രിയ കെ ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ സൗമ്യ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ രാഹുൽ രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീ അഭിജിത് ഡി എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അമ്പിളി പി കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -1 | 01-04-2021 | 25-09-2021 |
| ശ്രീ ജെഷിൻ തോമസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -1 | 26-09-2021 | 31-03-2022 |
| ശ്രീമതി ജോബിഷാ ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -2 | 01-04-2021 | 14-03-2022 |
| ശ്രീ ജെഷിൻ തോമസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -2 | 15-03-2022 | 31-03-2022 |
| ശ്രീ ജെയ്സൻ വി ടോം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ ഏലിയാസ് ടി യു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-05-2021 |
| ശ്രീമതി ശ്രീജ തങ്കച്ചൻ | അസിസ്റ്റന്റ് എൻജിനീയർ | 01-06-2021 | 04-08-2021 |
| ശ്രീമതി ശില്പ വി എസ് | അസിസ്റ്റന്റ് എൻജിനീയർ | 05-08-2021 | 31-03-2022 |
| ശ്രീ ജോഷി എം മാണി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | പട്ടികജാതി/പട്ടികവർഗ്ഗ വികസനഫണ്ട് ചെലവ് നിശ്ചിത ചെലവ് പരിധി (80%) കടന്നില്ല- കുറവ് വന്ന തുക ലാപ്സായി | 1-3-2 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 57.31ശതമാനം മാത്രം- 21.21 ലക്ഷം ലാപ്സായി | 1-3-3 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-3-4 |
| 8 | പദ്ധതി അവലോകനം | 1-4 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 10 | ക്ഷേമ പദ്ധതികൾ | 1-6 |
| 11 | ക്യാഷ് പരിശോധന | 1-7 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 13 | വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9 |
| 14 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-9-1 |
| 15 | ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-9-2 |
| 16 | ലൈഫ് ലോൺ ബാദ്ധ്യത-വാർഷിക കണക്കുകളിലെ തുകയിൽ വ്യത്യാസം | 1-9-3 |
| 17 | വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്- വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9-4 |
| 18 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-5 |
| 19 | സർക്കാരിൽ നിന്നും ലഭിച്ച തുക ലഭിക്കുവാനുള്ളതായി ആസ്തിബാദ്ധ്യത പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-9-6 |
| 20 | വസ്തു നികുതിയിനത്തിൽ കുടിശ്ശിക | 1-10 |
| 21 | വസ്തു നികുതി നിരക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചിരിക്കുന്നു | 1-11 |
| 22 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ആകെയുള്ള വിസ്തീർണം പരിഗണിക്കാതെ നികുതി നിർണയിച്ചു | 1-12 |
| 23 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല | 1-13 |
| 24 | തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-14 |
| 25 | വാത്തിക്കുടി ആയുർവേദാശുപത്രി -കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീളുന്നു | 1-15 |
| 26 | ബഥേൽ അംഗൻവാടി പടി റോഡ്-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല | 1-16 |
| 27 | ഗ്രാമ പഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കൽ- കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല | 1-17 |
| 28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- രേഖകൾ പരിശോധനയുക്തകും വിധം ക്രമീകരിച്ചിട്ടില്ല | 1-18 |
| 29 | കാർഷിക മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ഗുരുതര വീഴ്ച | 1-19 |
| 30 | പ്ലാസ്റ്റിക് കളക്ഷനുവേണ്ടി വാഹനം വാങ്ങൽ - ടി ഡി എസ് പിടിക്കാതെ തുക നൽകിയിരിക്കുന്നു | 1-20 |
| 31 | ബിരുദവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- അപാകതകൾ | 1-21 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-അപാകതകൾ | 1-22 |
| 33 | അങ്കണവാടി പോഷകാഹാരം അപാകതകൾ | 1-23 |

| | | |
|---|---|---|
| 34 | അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ (പ്രോജക്ട് നം.173/2021-22) | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രാമ പഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കൽ- കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 04.03.2022 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം (₹) | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 1623607 | 1623607 |
| വരവ് | 256616044 | 257817407 |
| ആകെ | 258239651 | 259441014 |
| ചെലവ് | 256467420 | 256042420 |
| നീക്കിയിരിപ്പ് | 1782231 | 3398594 |

ഗ്രാമ പഞ്ചായത്ത് പാസ്സാക്കുന്ന ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം ഉണ്ടായിട്ടുണ്ട്. വരവ് ചെലവ് കണക്കുകളിൽ ബജറ്റും വാർഷിക കണക്കുകളും തമ്മിലുള്ള വ്യത്യാസം ചെവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2021-22 ബജറ്റ് പ്രകാരം | 2021-22 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം | 2021-22 ലെ വാർഷിക കണക്ക് പ്രകാരം | ബജറ്റ് തുകയിൽ നിന്നുള്ള കുറവ്/ കൂടുതൽ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (4)-(5) |
| 1 | നികുതി വരുമാനം | 6700000 | 6700000 | 7621835 | (-) 921835 |
| 2 | നികുതിയേതര വരുമാനം | 7905000 | 8782363 | 2499065 | 6283298 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 14500000 | 14824000 | 14824000 | 0 |
| 4 | ആകെ തനത് വരുമാനം | 29105000 | 30306363 | 24944900 | 5361463 |
| 5 | ജീവനക്കാര്യ ത്തിലേക്കുള്ള ചെലവുകൾ | 14410000 | 14785000 | 12712689 | 2072311 |
| 6 | ഭരണ ചെലവുകൾ | 2150000 | 2300000 | 1435890 | 864110 |
| 7 | സംരക്ഷണവും നടത്തിപ്പും | 3655000 | 3605000 | 2991494 | 613506 |
| 8 | പലിശയും അനുബന്ധ ചെലവുകളും | 2855000 | 1855000 | 1597827 | 257173 |
| 9 | ആകെ അനിവാര്യ ചെലവുകൾ | 23070000 | 22545000 | 18737900 | 3807100 |

ബജറ്റ് തയ്യാറാക്കുമ്പോൾ നികുതി, നികുതിയേതര വരവുകളിൽപ്പോലും വ്യത്യാസം ഉണ്ടാകുന്നത് സ്ഥാപനത്തിന്റെ ധനസ്ഥിതി പ്രത്യവലോകനം നടത്തി ഭരണ നിർവ്വഹണം നടത്തുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 23.07.2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 24408353 | 24408353 | 22856075 | |
| വികസന ഫണ്ട്-എസ്.സി.എസ്.പി | 0 | 2486600 | 2486600 | 1448154 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 810770 | 810770 | 562310 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 4263000 | 4263000 | 1689660 | 2573340 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 13805654 | 13805654 | 1130480 | 12675174 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 28312000 | 28312000 | 23670593 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 9349806 | 9349806 | 5358553 | |
| ഐ.സി.ഡി.എസ് | 315353 | 1300138 | 1615491 | 970317 | 645174 |
| പി.ബി.ഐ.ജി | 2033957 | 188400 | 2222357 | 522980 | 1699377 |
| ജലനിധി | 2040726 | 1167531 | 3208257 | 803433 | 2404824 |
| കുടുംബശ്രീ മിഷൻ | 1250000 | 0 | 1250000 | 0 | 1250000 |

| | | | | | |
|---|---|---|---|---|---|
| കുടുംബശ്രീ അവാർഡ് | 10000 | 0 | 10000 | 0 | 10000 |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 180000 | 180000 | 180000 | 0 |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | | ആകെ ലഭിച്ച ഫണ്ട് |
|---|---|---|---|---|
| | | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | |
| വികസനഫണ്ട് (ജനറൽ) | 22896000 | 1512353 | 0 | 24408353 |
| വികസനഫണ്ട് (SCP) | 2300000 | 186600 | 0 | 2486600 |
| വികസനഫണ്ട് (TSP) | 763000 | 47770 | 0 | 810770 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 9044000 | 239515 | 66291 | 9349806 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | ക്യാരി ഓവർ വിഹിതം (അക്കൌണ്ട് ചെയ്യാത്തത്) | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 24408353 | 2434667 | 1314000 | 0 | 20659686 |
| വികസനഫണ്ട് (SCP) | 2486600 | 102666 | 0 | 186600 | 2197334 |
| വികസനഫണ്ട് (TSP) | 810770 | 73334 | 0 | 47770 | 689666 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 9350436 | 0 | 0 | 239515 | 9110921 |

പൊതുവിഭാഗം വികസന ഫണ്ട് അനുവദിച്ചപ്പോൾ ₹1314000/- അംഗൻവാടി ഹോണറേറിയം ഇനത്തിലും ₹2434667/- ലൈഫ് ലോൺ തിരിച്ചടവിനത്തിലും ജി.ഒ പ്രോജക്ടുകളായി ചെലവുണ്ട്. എന്നാൽ, അംഗൻവാടി ഹോണറേറിയത്തിൽ ₹876000/- മാത്രമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് ₹3637334/-യാണ്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ ബേസിക്ക് ഗ്രാന്റിന്റെ ചെലവ് ₹1689660/-യും ടൈഡ് ഗ്രാന്റിന്റെ ചെലവ് ₹1130480/-യുമാണ് (31.03.2022ൽ ചെലവായത്). എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അൺടൈഡ് ഗ്രാന്റിന് ചെലവ് ഇല്ലെന്നും ടൈഡ് ഗ്രാന്റിന് ചെലവ് ₹363677/-യുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

### 1-3-2 പട്ടികജാതി/പട്ടികവർഗ്ഗ വികസനഫണ്ട് ചെലവ് നിശ്ചിത ചെലവ് പരിധി (80%) കടന്നില്ല- കുറവ് വന്ന തുക ലാപ്സായി

2020-21 ലെ ക്യാരി ഓവർ തുക ₹186600/- ഉൾപ്പടെ പട്ടികജാതി വികസന ഫണ്ട് വിഹിതമായ ₹2486600/- ൽ 2021-22 സാമ്പത്തിക വർഷം ₹1448154/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ ₹102666/- ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും പിടിച്ചതാണ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെയേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളുടെ കാര്യത്തിൽ നിശ്ചിത ചെലവ് പരിധി (80%) കടന്നില്ലെങ്കിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹541126/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തി കുറവ് ചെയ്യുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസനഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാകും.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | 2022-23 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക |
|---|---|---|---|---|---|
| 2486600 | 1448154 | 1038446 | 58.24 | 497320 | 541126 |
| 810770 | 562310 | 248460 | 69.36 | 162154 | 86306 |

### 1-3-3 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 57.31ശതമാനം മാത്രം- 21.21 ലക്ഷം ലാപ്സായി

2020-21 ലെ ക്യാരി ഓവർ തുക ₹239515/-, വോട്ടിംഗ് മെഷീനായി 2020-21 ൽ സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ₹66291/- എന്നിവ ഉൾപ്പടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹9349806/- ൽ 2021-22 സാമ്പത്തിക വർഷം ₹5358553/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 57.31 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20

ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2121292/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 9349806 | 5358553 | 3991253 | 57.31 | 1869961 | 2121292 |

1-3-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | 320100115 | 25000 |
| 2 | 320100299 | 300500 |
| 3 | 320200307 | 400000 |
| 4 | 320200309 | 1235 |
| 5 | 320200311 | 80 |
| 6 | 320200317 | 39145 |
| 7 | 320200399 | 399235 |
| 8 | 320300103 | 14148 |
| 9 | 320300199 | 1133852 |
| 10 | 320400199 | 59536 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും, വിനിയോഗിച്ചിട്ടില്ലെങ്കിൽ അതിനു കാരണവും ലഭ്യമാക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 140593480 | 95 | 67687577 | 8 | 54 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 111/2021/ഡി പി സി/ഡി പി ഒ/ ഐ ഡി കെ തീയതി 28.05.2021 ആയി അംഗീകാരം ലഭിച്ചിരുന്നു. 11.61 കോടി രൂപ അടങ്കലിൽ 97 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 60 പദ്ധതികൾ കൂടി ഉൾപ്പെടുത്തി 14.06 കോടി രൂപ അടങ്കലിൽ 2021 മാർച്ചിൽ പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16/02/21 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 2എണ്ണം വീതം |

| | |
|---|---|
| വികസന സെമിനാർ | 16/02/21 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 17/02/2021 |
| ഭരണസമിതിയുടെ അംഗീകാരം | 17.02.2021 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലും ഉണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കാര്യമായ പങ്കുള്ളതായി കാണുന്നില്ല.

14.06 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 6.76 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 157 പ്രോജക്ടുകളിൽ 65.60 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 80 | 923560 | 144284 |
| വെറ്ററിനറി സർജൻ | 4 | 3 | 75 | 6450000 | 6290000 |
| മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) | 1 | 1 | 100 | 968990 | 968972 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 100 | 800000 | 800000 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 400000 | 400000 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ- 1 | 9 | 8 | 88.88 | 9035400 | 1823400 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ- 2 | 8 | 6 | 75 | 25741572 | 5130820 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 75 | 6788172 | 5411685 |
| സെക്രട്ടറി | 32 | 21 | 65.6 | 18742007 | 10712765 |
| അസി.സെക്രട്ടറി | 7 | 4 | 57.1 | 2057000 | 925476 |
| ഹെഡ്മാസ്റ്റർ | 1 | 1 | 100 | 20000 | 20000 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 3 | 100 | 6520000 | 4827339 |
| അസി. എഞ്ചിനീയർ | 81 | 47 | 58 | 62146779 | 30232826 |
| ആകെ | 157 | `103 | 65.6 | 140593480 | 67687577 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 1851650 | 2318902 | 4170552 | 3308145 | 862407 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 105359153 | 105359153 | 105359153 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 30206100 | 2186 |
| കർഷകതൊഴിലാളി പെൻഷൻ | 4478200 | 296 |
| വിധവാപെൻഷൻ | 14766100 | 995 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 320000 | 21 |
| വികലാംഗപെൻഷൻ | 5359700 | 356 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 595/- (അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു,

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 3 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും ഒരു ഓഫീസ് അറ്റൻഡന്റും, ഒരു പാർട്ട് ടൈം സ്വീപ്പറും, ഒരു ഡ്രൈവറും, അക്കൗണ്ടന്റും, ജൂനിയർ സൂപ്രണ്ടും, അസിസ്റ്റന്റ് സെക്രട്ടറിയും, സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

3. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

4. പദ്ധതികളെയും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസത്തെയും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി സംബന്ധിച്ച് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി- ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന പ്രസ്തുത രജിസ്റ്ററിൽ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

## 1-9 വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺയിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

### 1-9-1 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള ഡിമന്റ്, പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ ക്രമീകരിക്കുവാനും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

### 1-9-2 ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യതാശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക (₹) |
|---|---|---|---|
| B-9 Other Liabilities | 350300102 | Government And Other Dues Payable-Poor Home Cess | 5 |
| | 350300103 | Government And Other Dues Payable-Value Added Tax | 297534 |

| | | | |
|---|---|---|---|
| | 350300104 | Government And Other Dues Payable-Service Tax | 500 |
| | 350300106 | Government And Other Dues Payable-Revenue Recovery | 3000 |
| | 350300109 | Government And Other Dues Payable-Refund Of Unutilised Grants Of Prior Period | 75000 |
| | 350300116 | Government And Other Dues Payable-Flood Cess | 2061 |

Flood Cess, Value Added Tax നാളിതുവരെ സർക്കാരിലേക്ക് ഒടുക്കാത്തതിനും മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-3 ലൈഫ് ലോൺ ബാദ്ധ്യത-വാർഷിക കണക്കുകളിലെ തുകയിൽ വ്യത്യാസം

ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോ മുഖേന കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും എടുത്തിട്ടുള്ള ലോണിന്റെ തിരിച്ചടവ് വികസനഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും ചുവടെ കൊടുത്തിട്ടുള്ള പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

| ഗഡു | ഉത്തരവ് നം./ തിയതി | കുറവ് ചെയ്ത തുക | | | |
|---|---|---|---|---|---|
| | | ജനറൽ | എസ്.സി.എസ്.പി | ടി.എസ്.പി | ആകെ |
| ഒന്ന് | സ.ഉ (സാധാ) നം. 3367/2021/ധന തി.07.04.2021 | 29333 | 0 | 0 | 29333 |
| രണ്ട് | സ.ഉ(സാധാ)നം. 5206/2021/ധന തി.30.07.2021 | 1202667 | 51333 | 36667 | 1290667 |
| മൂന്ന് | സ.ഉ(സാധാ)നം. 22/2022/ധന തി.01.01.2021 | 1202667 | 51333 | 36667 | 1290667 |
| ആകെ | | 2434667 | 102666 | 73334 | 2610667 |

എന്നാൽ, ₹3813334/- ലൈഫ് ലോൺ തിരിച്ചടച്ചതായാണ് വാർഷിക കണക്കുകളിലും ലോൺ രജിസ്റ്ററിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 31.03.2022ൽ ₹30543475/- തിരികെ അടയ്ക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ തിരിച്ചടക്കേണ്ട തുക ₹31746142/-യാണ്.

1-9-4 വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്- വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി (ഗാർഹികം) തൻവർഷം | 2382465 | 1744555 | 643948 | 1664032 | 1212999 | 450728 |
| വസ്തുനികുതി (ഗാർഹികം) കുടിശിക | 150772 | 312265 | 1500067 | 549376 | 251629 | 299239 |
| വസ്തുനികുതി (ഗാർഹികതരം) തൻവർഷം | 3323120 | 1500447 | 161113 | 2383386 | 2055852 | 254598 |
| വസ്തുനികുതി (ഗാർഹികതരം) കുടിശിക | 2078732 | 136061 | 1942671 | 48610 | 196399 | 242267 |
| തൊഴിൽ നികുതി ജീവനക്കാർ (തൻവർഷം) | 1419380 | 1404380 | 0 | 1407980 | 1404380 | 3600 |
| തൊഴിൽ നികുതി സ്ഥാപനങ്ങൾ (തൻവർഷം) | 496870 | 496870 | 0 | 194050 | 194050 | 0 |
| തൊഴിൽ നികുതി സ്ഥാപനങ്ങൾ (കുടിശിക) | 21960 | 23100 | 3600 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് (തൻവർഷം) | 222000 | 220800 | 1200 | 98000 | 98000 | 0 |
| ലൈസൻസ് (കുടിശിക) | 50850 | 12680 | 38170 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| വാടക (തൻവർഷം) | 773151 | 717151 | 56000 | 773151 | 717151 | 56000 |
| വാടക (കുടിശിക) | 410682 | 44260 | 366422 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| സ്ലോട്ടർ ഹൌസ് (കുടിശിക) | 432000 | 0 | 432000 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| മാർക്കറ്റ് (തൻവർഷം) | 465126 | 65126 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| മാർക്കറ്റ് (കുടിശിക) | 659562 | 0 | 659562 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| മറ്റ് വരവുകൾ (തൻവർഷം) | 0 | 0 | 26897 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |

വിവിധ വരവുകളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വസ്തു നികുതിയുടെ സംഗതിയിൽ വാർഷിക കണക്കുകളിലെ തുകകളും സഞ്ചയ ഡി.സി.ബി.യും തമ്മിൽ വലിയ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് രേഖപ്പെടുത്താത്ത മറ്റ് വരവുകൾ എന്ന ശിർഷകത്തിൽ ₹26897/- പിരിഞ്ഞു കിട്ടുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും വാർഷിക കണക്കിലെയും രജിസ്റ്ററിലേയും ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-5 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹485637/- രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 2019 മുതൽ തനത് ഫണ്ട് അക്കൌണ്ടിൽ നിന്ന്

നൽകിയ ചെക്കുകൾ മാറാത്തതിനാൽ സ്റ്റെയിൽ ചെക്ക് ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വലിയ തുക സ്റ്റെയിൽ ചെക്കായി മാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മൂന്ന്മാസ കാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1-9-6 സർക്കാരിൽ നിന്നും ലഭിച്ച തുക ലഭിക്കുവാനുള്ളതായി ആസ്തിബാദ്ധ്യത പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചയാത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം 431600199- Receivables From Government (Redemption Amount) ഹെഡിൽ ₹4102879/- 31.03.2022-ൽ സർക്കാരിൽ നിന്നും തിരികെ ലഭിക്കുവാനുള്ളതായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, മേൽ തുക 31.03.2021ൽ ട്രഷറി തനത് ഫണ്ട് സേവിംഗ്സ് അക്കൌണ്ടിൽ നിന്നും താൽക്കാലികമായി പിൻവലിച്ചതും 03.04.2021 ന് തിരികെ നൽകിയിട്ടുള്ളതുമാണ്. തുക തിരികെ ലഭിച്ച അവസരത്തിൽ 160100699 ഹെഡിൽ തെറ്റായി അക്കൌണ്ട് ചെയ്തതിനാൽ തിരികെ ലഭിക്കുവാനുള്ള തുകയിൽ നിന്നും കുറവ് ചെയ്തില്ല. അതിനാൽ, 31.03.2022-ലെ ആസ്തി ബാദ്ധ്യത പത്രിക തെറ്റായ വിവരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

1-10 വസ്തു നികുതിയിനത്തിൽ കുടിശ്ശിക

വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയായി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗം | തൻവർഷ കുടിശ്ശിക ₹ | മുൻ വർഷങ്ങളിലെ കുടിശ്ശിക ₹ |
|---|---|---|---|
| 1 | റെസിഡൻഷ്യൽ | 643948 | 1500067 |
| 2 | നോൺ റെസിഡൻഷ്യൽ | 161113 | 1942671 |
| ആകെ | | 805061 | 3442738 |

കുടിശ്ശികകൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് .

1-11 വസ്തു നികുതി നിരക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചിരിക്കുന്നു

സർക്കാർ നിശ്ചയിച്ച സ്ലാബുകളിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് വസ്തു നികുതിയിനത്തിൽ നിലവിൽ പഞ്ചായത്തിൽ നിശ്ചയിച്ച് ഈടാക്കി വരുന്നത്. വസ്തുനികുതിയിൽ നിശ്ചയിക്കാവുന്ന അനുവദനീയ സ്ലാബും നിലവിൽ പഞ്ചായത്ത് ഈടാക്കുന്ന അടിസ്ഥാന നിരക്കുകളും താഴെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | സ്ലാബ് | നിലവിലെ നിരക്ക് |
|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3-8 | 3 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30-60 | 30 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 50-70 | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30-60 | 30 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70-90 | 70 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 30-60 | 30 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30-50 | 30 |
| 8 | വിദ്യാഭ്യാസാവശ്യം | 3-8 | 3 |
| 9 | ആശുപത്രികൾ | 3-8 | 3 |
| 10 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 20-40 | 20 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത് | 10-20 | 10 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40-60 | 40 |
| 13 | റിസോർട്ടുകൾ | 80-90 | 80 |
| 14 | അമ്യൂസ്മെന്റ് പാർക്ക് | 20-40 | 20 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400-500 | 400 |

സമീപസ്ഥമായ പഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ ഉയർന്ന് നിൽക്കുമ്പോഴും സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്ക്

നിശ്ചയിച്ചതു മൂലം നാമമാത്രമായ തനത് വരുമാനം മാത്രമുള്ള പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിനെ പൂർണ്ണമായും ആശ്രയിക്കുകയോ വായ്പയെടുക്കേണ്ടിവരുകയോ ചെയ്യുന്ന സാഹചര്യമാണുള്ളത്. ജനങ്ങൾക്കാവശ്യമായ അത്യാവശ്യ സേവനങ്ങൾ വരുമാനക്കുറവിന്റെ പേരിൽ നിഷേധിക്കുന്നത് ഉചിതമല്ല. സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ഇക്കാര്യത്തിൽ പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്.

1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ആകെയുള്ള വിസ്തീർണം പരിഗണിക്കാതെ നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹30/- നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹50/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്." എന്നാൽ കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടിയിരുന്നത് (ഫോം 6). ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 100 ച.മീറ്ററിൽ അധികരിച്ചത് പരിഗണിക്കാതെ ഓരോ കടമുറിയ്ക്കും പ്രത്യേകമായി നികുതി നിശ്ചയിച്ചതിനാൽ വസ്തു നികുതിയിൽ നഷ്ടം വന്നിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം. | കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ യിലെ ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | നിർണയി ക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി യിലെ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 2/442/എ | ഈസ പി.എ | ഷോപ്പ് | 88.67 | 30 | 50 | 1774 (88.67*20) |
| | 2/442/ബി | | | 88.67 | 30 | 50 | 1774 (88.67*20) |
| 2 | 2/461/എ | സിമി വർഗ്ഗീസ് | ഷോപ്പ് | 24.44 | 30 | 50 | 489 (24.44*20) |
| | 2/461/ബി | | | 24.44 | 30 | 50 | 489 (24.44*20) |
| | 2/461/സി | | | 24.4 | 30 | 50 | 489 (24.44*20) |
| | 2/461/ഡി | | | 35.88 | 30 | 50 | 718 (35.88*20) |
| | 2/461/ഇ | | | 35.88 | 30 | 50 | 718 (35.88*20) |
| | 2/461/എഫ് | | | 12.76 | 30 | 50 | 256 (12.76*20) |
| 3 | 2/895/എ1 | തോമസ് മാത്യു & സാലി തോമസ് | ഷോപ്പ് | 38 | 30 | 50 | 760 (38*20) |
| | 2/895/എ2 | | | 38 | 30 | 50 | 760 (38*20) |
| | 2/895/എ3 | | | 30 | 30 | 50 | 600 (30*20) |
| | 2/895/എ4 | | | 34 | 30 | 50 | 680 (34*20) |
| | 2/895/ബി1 | | | 32 | 30 | 50 | 640 (32*20) |
| | 2/895/ബി2 | | | 38 | 30 | 50 | 760 (38*20) |
| | 2/895/ബി3 | | | 36 | 30 | 50 | 720 (36*20) |

| | | | | | |
|---|---|---|---|---|---|
| 2/895/ബി4 | | 30 | 30 | 50 | 600 (30*20) |
| 2/895/സി1 | | 34 | 30 | 50 | 680 (34*20) |
| 2/895/സി2 | | 32 | 30 | 50 | 640 (32*20) |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് പുതിയ നിരക്കിലുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിൽ മേൽ പരാമർശിച്ച പ്രകാരം തെറ്റായ കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി അസസ് ചെയ്തിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരം പരിശോധിച്ച് നികുതി പുനർനിർണയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/17/111/2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹30/- നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹50/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആണ്.

തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി നിരക്ക് | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|
| 2/610 ശ്രീമതി. ലീലാമ്മ തോമസ്, ചേലനിൽക്കുംതടത്തിൽ | 111.5 | 30 | 50 | 2230 (111.5*20) |

നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 9 തീയതി 17/11/2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-14 തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

എ) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ താഴെ ചേർത്തിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ആപ്കോസ്, ദൈവംമേട് | I |

ബി) താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി 2021-22 വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | മരിയൻ പബ്ലിക് സ്കൂൾ, മേരിഗിരി |
| 2 | ഡി പോൾ പബ്ലിക് സ്കൂൾ, രാജമുടി |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.6, 17/11/2022) മറുപടി ലഭ്യമാക്കിയില്ല. മേൽ ചേർത്തിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാത്തിക്കുടി ആയുർവേദാശുപത്രി -കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീളുന്നു

2019-20 സാമ്പത്തിക വർഷം ₹6110560/- പദ്ധതി അടങ്കലായി വകയിരുത്തി 14.10.19 ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതിയുടെ പൂർത്തീകരണ കാലാവധി 9 മാസമായിരുന്നെങ്കിലും മൂന്നു വർഷം പിന്നിട്ടിട്ടും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ

എൻ.സി. ജോൺസൻ എന്ന കരാറുകാരനായിരുന്ന ആയുർവേദാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത്. 2019-20 വർഷം വകയിരുത്തിയ തുകയുടെ അപര്യാപ്തതയെ തുടർന്ന് ആയുർവേദാശുപത്രിയുടെ പൂർത്തീകരണത്തിനായി 69/22 നമ്പർ ആയി പദ്ധതി ആവിഷ്കരിക്കുകയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ₹23,00,000/-വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും പദ്ധതിയുടെ ഏകദേശം 60% മാത്രമാണ് നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതിക്കുവേണ്ടി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം/തീയതി | തുക(₹) |
|---|---|
| 19101252010501181285/30.01.20 | 930851 |
| 19101252010501652431/30.3.20 | 884709 |
| 19101252010501652438/30.3.20 | 1378872 |
| ചെക്ക് നം. 051856/15.2.21 | 485604 |
| 21101252010500415591/16.9.21 | 114806 |
| 210101252010501005128/28.01.21 | 184440 |
| 21101252010501513846/30.3.22 | 1045358 |
| ആകെ | 5964640 |

പദ്ധതി സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് ഉറപ്പ് വരുത്താതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതുമൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് ഭീമമായ തുക വകയിരുത്തേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. ഉറപ്പില്ലാത്ത മണ്ണായതിനാൽ കെട്ടിടത്തിന്റെ മൂന്നു വശവും സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കേണ്ട സാഹചര്യം വിലയിരുത്താതെയാണ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നാളിതുവരെ ചെലവഴിച്ച ₹5964650/-യിൽ ഇരുപതു ലക്ഷത്തോളം രൂപ സംരക്ഷണ ഭിത്തി നിർമ്മാണത്തിനു വേണ്ടി മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ സംരക്ഷണ ഭിത്തി നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടില്ല. കരാർവച്ച് ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. 22.08.22ൽ കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 3 മാസത്തെ അധിക സമയം കൂടി ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു തുടർ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ലെന്ന് പദ്ധതി സ്ഥലം പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം അനന്തമായി നീളുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി മതിയായ ഫണ്ട് വകയിരുത്തി കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനും കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ബഥേൽ അംഗൻവാടി പടി റോഡ്-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്റ്റ് നം | 112/22 |
| പദ്ധതി അടങ്കൽ | ₹500000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ ജോപ്പൻ ജോസഫ് |
| കരാർ നം. | 34/21.01.22 |
| അളവു ബുക്ക് | 142/21-22 |
| ബിൽ നം/തീയതി&തുക | 21101252010501513821/30.03.22;₹193149/- |

എസ്റ്റിമേറ്റ് നിരക്കായ ₹445977/-ക്വോട്ട് ചെയ്ത കരാറുകാരനായിരുന്നു പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്നത്. 20.01.22 ൽ കരാർ ഒപ്പുവച്ച റോഡ് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി മൂന്ന് മാസമായിരുന്നു. പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബില്ലിനത്തിൽ 30.3.2022-ൽ ₹193149/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന ജോലികൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കി പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കൽ- കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 105/22 |
| പദ്ധതി അടങ്കൽ | ₹300000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

| | |
|---|---|
| കരാർ നം | 26/AE/LSGD/VTY തീ.7.10.2021 |
| ചെക്ക് നം. & തുക | 8457/21.2.2022; ₹285000/- |

ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചിരുന്നു. നാലു ടെണ്ടറുകൾ ലഭിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 27.3% കുറവു രേഖപ്പെടുത്തിയ (₹218100/-) ശ്രീ ആൽബർട്ട് എം ജോയിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമായിരുന്നു. എന്നാൽ 01.10.2021 ലെ 5(1) നം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% കുറവു രേഖപ്പെടുത്തിയ (₹285000/-) ശ്രീ അലി ഉസ്മാൻ അരിമ്പാശ്ശേരിൽ എന്ന കരാറുകാരനെയാണ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/18.11.22) ടെണ്ടറുകളുടെ പരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിരുന്നെന്നും 01.10.2021 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) തീരുമാനപ്രകാരമാണ് 5% കുറവ് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കപ്പെട്ടതെന്നും അസി.എഞ്ചിനിയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിക്കപ്പെട്ടതുമൂലം ഗ്രാമ പഞ്ചായത്തിന് ₹66900/-യുടെ (285000-218100) നഷ്ടമുണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം 01.10.2021 ലെ യോഗത്തിൽ പങ്കെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- രേഖകൾ പരിശോധനയ്ക്കുതകും വിധം ക്രമീകരിച്ചിട്ടില്ല

എസ്.സി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (57/22), വനിതാ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (33/22), ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (32/22) എന്നീ പദ്ധതികളിലുൾപ്പെടുത്തി ആകെ ₹4827339/- 2021-22 വർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്കുതകും വിധം രേഖകൾ ക്രമപ്പെടുത്തിയിട്ടില്ല. ഓരോ ക്ഷീരോല്പാദക സംഘത്തിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി പ്രത്യേകം പ്രത്യേകം ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബിൽ പകർപ്പിനോടൊപ്പം ക്ഷീരോല്പാദക സംഘത്തിൽ നിന്നുള്ള പാലളവ് വിവരം കാണിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിന്റെ പേര്, പാലളവ് വിവരം, സബ്സിഡി തുക, സബ്സിഡി തുക അനുവദിച്ച കാലയളവ് എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന സംക്ഷിപ്തം തയ്യാറാക്കി ചെലവ് രേഖകൾ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള സബ്സിഡി തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/തീയതി. 18.11.2022) മറുപടി ലഭ്യമാക്കിയില്ല. പൂർണ്ണമായ ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ₹4827339/-യുടെ ചെലവ് തടസ്സപ്പെടുന്നു.

## 1-19 കാർഷിക മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ഗുരുതര വീഴ്ച

കാർഷിക മേഖലയായ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പദ്ധതികൾ പരിശോധിച്ചതിൽ കൃഷി അധിഷ്ഠിത പദ്ധതികൾ ഏറ്റെടുക്കുന്നതിൽ കാര്യമായ ഇടപെടൽ നടത്തിയിട്ടില്ലയെന്ന് കാണുന്നു. കർഷകരുടെ ആവശ്യങ്ങൾ മനസ്സിലാക്കി കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന, നടപ്പാക്കുവാൻ കഴിയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിൽ കൃഷി ഓഫീസറുടെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടൽ നടക്കുന്നതായി കാണുന്നില്ല. പഞ്ചായത്തിലെ ആകെ പദ്ധതി ചെലവിൽ കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പദ്ധതികളുടെ എണ്ണം | കൃഷി ഓഫീസർ ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | ശതമാനം | ആകെ പദ്ധതി അടങ്കൽ (₹) | കാർഷിക പദ്ധതികളുടെ അടങ്കൽ (₹) | ശതമാനം | ആകെ പദ്ധതി ചെലവ് (₹) | കാർഷിക പദ്ധതികളുടെ ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| 157 | 5 | 3 | 140593480 | 923560 | 0.65 | 67687577 | 144284 | 0.21 |

2021-22 വർഷം കൃഷി ഓഫീസർ ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | കുമ്മായ വിതരണം (എസ്.സി.) | 294746 | 0 | |
| 2 | സുഭിക്ഷ കേരളം- വീട്ടുവളപ്പിൽ പടുതാക്കുളത്തിലെ മത്സ്യ കൃഷി | 481560 | 0 | |
| 3 | പട്ടികജാതി കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങൾ വിതരണം | 7284 | 7284 | ആദ്യ അടങ്കൽ ₹300000/- ആയിരുന്നു. തുക ചെലവ് വരാത്തതിനാൽ കുറവ് ചെയ്തു |
| 4 | നെൽകൃഷിക്ക് സബ്സിഡി | 20000 | 17000 | |
| 5 | പച്ചക്കറി തൈ, വാഴ വിത്ത് വിതരണം | 120000 | 120000 | |
| | ആകെ | 923560 | 144284 | |

ഒരു വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പഞ്ചായത്തിന് വേണ്ടി ആകെ നിർവ്വഹിച്ചിട്ടുള്ളത് ഒരു ഗുണഭോക്താവിന് മോട്ടോർ വാങ്ങിയതിന് സബ്സിഡി തുക അനുവദിക്കലും വി.എഫ്.പി.സി.കെ. യിൽ നിന്ന് പച്ചക്കറി തൈ നേരിട്ട് വാങ്ങി മാർച്ച് മാസത്തിൽ വിതരണം ചെയ്തു എന്നതും മാത്രമാണ്. പൂർണ്ണമായും കാർഷിക മേഖലയായ പഞ്ചായത്തിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഇത്തരത്തിലുള്ള വീഴ്ച അതീവ ഗൌരവത്തിൽ കാണേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ കാർഷിക മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ വീഴ്ച വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 17.11.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14 ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ആസൂത്രണ വേളയിൽ കർഷകർക്ക് ഉപകാരപ്പെടുന്ന വിവിധ പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസറുടെ ഈ മറുപടി ഓഡിറ്റിന്റെ അവസാനം ഭരണസമിതി അംഗങ്ങളുമായി നടത്തിയ യോഗത്തിൽ അറിയിച്ചപ്പോൾ കൃഷി ഓഫീസറുടെ വാദം ശരിയല്ലായെന്നും കൃഷി ഓഫീസറുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണം ഉണ്ടായിട്ടില്ലായെന്നും പ്രസിഡന്റ് ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ അറിയിച്ചു. പദ്ധതി നിർവ്വഹണത്തിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള അവഗണന ഉചിതമായ നടപടിയിലൂടെ ഭരണസമിതി പരിഹരിക്കേണ്ടതാണ്. വാർഡ് തലത്തിൽ പശ്ചാത്തലമേഖലയിൽ ഫണ്ട് വീതം വയ്ക്കുന്നതിനായി കാർഷിക മേഖലയെ അവഗണിക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം പരിശോധന നടത്തേണ്ടതാണ്.

1-20 പ്ലാസ്റ്റിക് കളക്ഷനുവേണ്ടി വാഹനം വാങ്ങൽ - ടി ഡി എസ് പിടിക്കാതെ തുക നൽകിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 80/22 |
| അടങ്കൽ | ₹1000000/-(സി എഫ് സി ഗ്രാന്റ്) |
| വൗച്ചർ നം | XVFC/2021-22/P/2/17.02.2022 |

18 വാർഡുകളിലെയും വീടുകളിൽ നിന്ന് ഹരിതകർമ്മസേന കളക്ട് ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ്. കളിൽ എത്തിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം മഹീന്ദ്രയുടെ പിക്ക് - അപ് വാഹനം ₹766803/- ക്ക് വാങ്ങി. മഹീന്ദ്ര & മഹീന്ദ്ര, എഎസ്, അക്കുർലി റോഡ്, കാൻഡിവാലി ഈസ്റ്റ്, മുംബെയുടെ ഇൻവോയ്സ് നം IN01222701492755/28.12.21 പ്രകാരം ആകെ തുക ₹766803/-യാണ്. എന്നാൽ ജനറൽ മാനേജർ ശ്രീ. എൻ. രവീന്ദ്രൻ 310.12.2021 ന് ഇ- മെയിൽ മുഖേന പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം ഇൻവോയ്സ് തുകയിൽ നിന്ന് 2% ടി ഡി എസ് തുകയായ ₹11981/-ജി എസ് ടി വകുപ്പിലേക്കും അവശേഷിക്കുന്ന ₹754822/-മഹീന്ദ്ര കമ്പിനിക്കുമാണ് നൽകേണ്ടത്. എന്നാൽ വൌച്ചർ നം XVFC/2021-22/P/2/17.02.2022 (പി.എഫ്.എം.എസ്. ട്രാൻസാക്ഷൻ ഐ ഡി 0046EATPAYREQ1702202228939/ 17.02.2022) മുഖേന 00010320001392 എന്ന അക്കൗണ്ടിലേയ്ക്കാണ് ₹766803/-യും നൽകിയിരിക്കുന്നത്. ടി ഡി എസ് തുക ജി എസ് ടി വകുപ്പിലേയ്ക്ക് അടയ്ക്കുന്നതിന് പകരം മഹീന്ദ്ര &മഹീന്ദ്ര കമ്പനിക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/18.11.22 ന് മറുപടി ലഭ്യമാക്കിയില്ല. കമ്പനിക്ക് നൽകിയ അധിക തുക ₹11981/-തിരികെ ഈടാക്കി ജി.എസ്.ടി. ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

1-21 ബിരുദവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 171/22 |
| അടങ്കൽ | ₹440000/- (വികസനഫണ്ട് . എസ്.സി.പി) |
| ബിൽനം. | 21101252013501467514/26.03.21 ₹440000 |

പദ്ധതി പ്രകാരം 10 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം നടത്തിയിരിക്കുന്നു. പദ്ധതിമാർഗ്ഗരേഖ പ്രകാരം വിന്റോസ് ഹോം അധിഷ്ഠിതമായ ലാപ്ടോപ്പിന് നിശ്ചയിച്ചിരുന്നവില ₹27722/-യും ഉബണ്ടു അധിഷ്ഠിതമായതിന് ₹22895/-ഉം ആണ്. ജി. ഒ. (ആർ.ടി) നം 482/2022/ എൽ.എസ്.ജി.ഡി. തീയതി. 28.02.2022 പ്രകാരം 'ജെം' മുഖേന വാങ്ങൽ നടത്താമെന്നും ആയതിന്റെ സ്പെസിഫിക്കേഷൻ താഴെപ്പറയുന്നത് ആയിരിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോസസ്സർ | ഇന്റൽ, 13, $11^{th}$ Generation Or Above |
| മെമ്മറി | 4 GB DDR4 RAM |
| ഡിസ്പ്ലേ സൈസ് | 14 ഇഞ്ച് |
| ഓപ്പറേഷൻ സിസ്റ്റം | ഉബണ്ടു (VERSION-20) |

എന്നാൽ 'ജെം' മുഖേന മുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിന്റോസ് ഓപ്പറേറ്റിംഗ് സിസ്റ്റവും, ഉയർന്ന മെമ്മറിയായ 8 GB RAM ഉം ഉള്ള ലാപ്ടോപ്പ് കൂടിയ വിലയായ ₹44000/-നിരക്കിൽ വാങ്ങിയിരിക്കുന്നു.

നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്താനുണ്ടായ കാരണം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/17.11.2022 ന് മറുപടിയിൽ 28.02.2022-ലെ ജി. ഒ. (ആർ.ടി) നം.482/2022 /ത.സ്വ.ഭ.വ. ഉത്തരവിലെ സ്പെസിഫിക്കേഷനിലും വിലയിലും (₹49000/-) GEM ൽ നിന്ന് ലഭ്യമായിരുന്നില്ല എന്നും അതിനാലാണ് വർഷാവസാനമായതിനാൽ ഇപ്രകാരം വാങ്ങൽ നടത്തിയത് എന്നും അറിയിച്ചു. ഭാവിയിൽ യഥാവിധി ടെണ്ടർ ക്ഷണിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 23/21 |
| അടങ്കൽ | ₹600000/- (വികസനഫണ്ട് - എസ്.സി.പി) |
| ബിൽനം. | 1. 201012520135013501841/25.03.21 ₹150000/-<br>2. 20101252013501425174/29.03.21 ₹225000/-<br>3. 21101252013500548079/21.10.21 ₹75000<br>4. 21101252013501128388/15.02.22 ₹75000/-<br>5. 21101252013500548083/21.10.21 ₹75000/- |

ആകെ 3 ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിരിക്കുന്നത്. മൂന്ന് ഗഡുക്കളായി പരമാവധി നൽകാവുന്ന സബ്സിഡി തുക ₹200000/-യാണ്. മൂന്ന് ഗുണഭോക്താക്കൾക്കുമായി ₹600000/- ചെലവ് ചെയ്തിരിക്കുന്നു. താഴെ സൂചിപ്പിക്കുന്നവരാണ് ഗുണഭോക്താക്കൾ.

| | |
|---|---|
| 1 | നന്ദന സന്തോഷ്, മാലൈവില വീട് |
| 2 | അതുൽ രാജൻ, കാവുങ്കൽ വീട് |
| 3 | ഐശ്വര്യ രാജ്കുമാർ, അമ്പലത്താംകുഴിയിൽ വീട് |

പദ്ധതി നിർവ്വഹണത്തിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത വലുപ്പമുള്ള മുറിയാണ് നിർമ്മിക്കേണ്ടത്. വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതുൽ രാജന്റെ മുറിയുടെ വലുപ്പം 136.6 ചതുരശ്ര അടിയാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത്. വാല്യുവേഷൻ എന്ന തലക്കെട്ടോടെ നൽകിയിരിക്കുന്ന സാക്ഷ്യപത്രത്തിൽ നിർമ്മിച്ചിരിക്കുന്ന മുറിയുടെ മൂല്യം കാണിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.04/16.11.2022 ന് മറുപടി ലഭ്യമാക്കിയെങ്കിലും വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ അപാകത പരിഹരിച്ചിട്ടില്ല. ഇത്തരം അപാകതകൾ തുടർന്ന് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 അങ്കണവാടി പോഷകാഹാരം അപാകതകൾ

പ്രൊജക്റ്റ് നമ്പർ, പേര് : 17/21-22, അങ്കണവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ : ₹45,00000/-

ചെലവ് തുക :₹38,14,585/-

കേന്ദ്ര വിഹിതം ₹3,93,289/-

അങ്കണവാടികൾക്ക് ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ദീപം ന്യൂട്രിമിക്സിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന് താഴെ വിവരിക്കും പ്രകാരമുള്ള ചെലവും ഉൾപ്പെടുന്നു. നികുതി ഒഴികെയുള്ള പർച്ചേസ് തുക ₹2,50,000/- യിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ, വൗച്ചർ, ചെക്ക് നമ്പർ/ തിയ്യതി | സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 30/10.12. 2020 | 147955 | 9209 | 2959 | BRN 21101252009800143638/ 24-06-21 ₹2584709 | ദീപം ന്യൂട്രിമിക്സ്, രാജമുടി |
| 2 | 36/6-1-21, | 151483 | 7574 | 3030 | | |
| 3 | 41/27.2.21, | 151042 | 7552 | 3021 | | |
| 4 | 42/15.3.21 | 172100 | 8605 | 3442 | | |
| 5 | 47/28.4.21 | 144648 | 7232 | 2893 | | |
| 6 | 4/19.5.21 | 171328 | 8566 | 3427 | | |
| 7 | 5/21.6.21 | 149058 | 7453 | 2981 | | |
| 8 | 9/19.7.21 | 169785 | 8489 | 3395 | BRN/21101252009800299942/12.8.21- ₹177285<br>ചെക്ക് നം.002053/ 10.2.22 കേന്ദ്ര വിഹിതം ₹393289/- | |
| 9 | 12-10.8.21 | 138033 | 6902 | 2761 | | |
| 10 | 12/10.8.21 | 15403 | 770 | 308 | | |
| 11 | 15/4.9.21 | 129874 | 6494 | 2598 | | |
| 12 | 18/4.10.21 | 133402 | 6670 | 2668 | | |
| 13 | 20/8.11.21 | 142222 | 7111 | 2844 | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 1816333/- | 71582/- | 36327/- | | |

തുക നൽകിയ സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകളും ബില്ലുകളും ലഭ്യമാക്കി തുക ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ (പ്രോജക്ട് നം.173/2021-22)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| കരാർ തീയതി | 20.01.2022 |
| പദ്ധതി അടങ്കൽ | ₹4,00000/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹4,00000/- |

നേരിട്ട് ആർട്ട്കോ-യിൽ നിന്നും (ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിനായി 'ആർട്ട്കോ' കോഴിക്കോട് ശാഖയിൽ നിന്നും താഴെ പറയുന്ന ഫർണിച്ചറുകൾ വാങ്ങുകയും ഇതിനായി ₹400000/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| Sl. No | Item | HSN/ ACN-Code | Quantity | Rate | Amount | GST | | | Total |
|---|---|---|---|---|---|---|---|---|---|
| | | | | | | RATE | CGST | SGST | |
| 1 | SCR 1811-150 Cm Desk | 9403 | 48 | 5398 | 259104 | 18% | 23319.36 | 23319.36 | 305742.72 |
| 2 | CYM 9 BABY FIBRE/PLASTIC CHAIR FULLY SINGLE MOULDED, SOLID AND EXTRA STRONG, STACKABLE WITH MINIMUM LENGTH 33 CM X WIDTH 39 CM X HEIGHT 50 CM | 9403 | 201 | 398 | 79998 | 18 | 7199.82 | 7199.82 | 94397.64 |
| TOTAL BEFORE TAX | | | | | | | | | 339102 |
| ADD CGST | | | | | | | | | 30519.18 |
| ADD SGST | | | | | | | | | 30519.18 |
| TOATAL TAX AMOUNT | | | | | | | | | 61038.36 |
| TOTAL DISCOUNT AMOUNT | | | | | | | | | 140 |
| ROUNDED OFF | | | | | | | | | -0.36 |
| TOTAL AMOUNT AFTER TAX | | | | | | | | | 400000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റോർ പർച്ചേസ്-എ വകുപ്പിന്റെ 08.10.2016 ലെ ജി.ഒ.(എം.എസ്)നം.01/2016/എസ്.പി.ഡി ഉത്തരവ് പ്രകാരം ആർട്ടിസൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പോലെയുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന/അസംബ്ലിംഗ് ചെയ്യുന്ന ഉൽപ്പന്നങ്ങൾ മാത്രമേ നേരിട്ട് വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിരിക്കെ ആർട്ടിസൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കാത്ത/അസംബ്ലിംഗ് ചെയ്യാത്ത ഉൽപ്പന്നങ്ങളായ ഫൈബർ ടേബിളും ഫൈബർ ചെയറും നേരിട്ട് വാങ്ങിയ നടപടി ക്രമ വിരുദ്ധമാണ്.

2.സ്റ്റോർ പർച്ചേസ്-എ വകുപ്പിന്റെ 02.02.2022 ലെ ജി.ഒ.(ആർ.ടി)നം.07/2022/എസ്.പി.ഡി ഉത്തരവ് പ്രകാരം ആർട്ട്കോ- (ആർട്ടിസൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ-4429, കേരള) എന്ന സ്ഥാപനത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ സ്റ്റീൽ ഫർണിച്ചർ, തടി ഫർണിച്ചർ, ഹോസ്പിറ്റൽ ഫർണിച്ചർ എന്നിവ മാത്രമാണ് വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികൾക്കാവശ്യമായ ഫൈബർ ഫർണിച്ചറുകൾ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങിയ നടപടി ക്രമപ്രകാരമുള്ളതല്ല.

3. മേൽ സൂചിത ഉത്തരവുകൾ നിലനിൽക്കെ ആർട്ട്കോ -യിൽ നിന്നും ടെണ്ടർ നടപടികൾ ഇല്ലാതെ നേരിട്ട് ഫൈബർ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള അംഗികാരം നൽകിയ 26.03.2022 ലെ 1(4) പഞ്ചായത്ത് കമ്മറ്റി തീരുമാനവും അംഗികരിക്കത്തക്കതല്ല.

4.ജി.എസ്.ടി സ്ലാബിൽ HSN/ACN-Code 9403 പ്രകാരമുള്ള മറ്റ് ഫർണിച്ചറുകൾക്ക് (ഫൈബർ ഫർണിച്ചറുകൾ) ഈടാക്കേണ്ട ജി.എസ്.ടി 28 % എന്നിരിക്കെ സ്ഥാപനം നൽകിയിരിക്കുന്ന പ്രഫോർമ ഇൻവോയിസ് (നം.7207/18.03.2022) പ്രകാരം മേൽ സൂചിത ഫൈബർ ഫർണിച്ചറുകൾക്ക് HSN/ACN-Code 9403 രേഖപ്പെടുത്തി 18 % ജി.എസ്.ടി തുകയായ ₹ 61038.36/-കണക്കാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ജി.എസ്.ടി തുക കൃത്യമായി നിശ്ചയിച്ച് ഈടാക്കുകയോ ആയത് സർക്കാരിലേക്ക് അടവാക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവാക്കിയ തുക ₹400000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/15.11.22) ആർട്ട്കോയിൽ നിന്നും ഫൈബർ ഫർണിച്ചർ വാങ്ങാമെന്ന മറുപടി അംഗികരിക്കത്തക്കതല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രാമ പഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കൽ- കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചിരുന്നു. നാലു ടെണ്ടറുകൾ ലഭിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 27.3% കുറവ്) ടെണ്ടർ അംഗീകരിക്കാതെ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5 % കുറവ് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചതുമൂലം പഞ്ചായത്തിന് ₹66900/- നഷ്ടമുണ്ടായി. ആയത് തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 1-17 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 4-10(ബി) യിൽ പേര് ചേർത്തിരിക്കുന്നവർ ഈ നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 128110 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 128110 | 0 |
| | 2021-22 | 683135 | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 683135 | 0 |
| | 2021-22 | 1500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1500000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി ലോൺ (ഐ.ഡി.സി.ബി) | സ.ഉ.(സാധാ) 1577/2015/ത.സ്വ.ഭ.വ തിയതി.27.05.2015 | 20550000 | 10286126 | 2200000 | 644325 | 8086126 |
| ഹഡ്കോ ലോൺ ലൈഫ് ഭവന പദ്ധതി | | 37660000 | 34356809 | 2610667 | | 31746142 |
| കെ.യു.ആർ.ഡി. എഫ്.സി ലോൺ ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ(സാധാ) 1284/15/ത.സ്വ.ഭ.വ തിയതി. 20.05.15 | 19666731 | 9869566 | 5619072 | 945696 | 4250494 |

ഹഡ്കോ ലോൺ സംബന്ധിച്ച കണക്കുകളിൽ അപാകത കാണുന്നു. ഇത് സംബന്ധിച്ച വിശദവിവരം ഖണ്ഡിക 1-9-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹7843/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 7843 | ശ്രീമതി.ബീന.എൻ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 121080100522/22.06.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6<br>3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2015-16 | 2-2 | 2015-16 | അനുബന്ധം 4 പേജ് 180 | വസ്തുനികുതി അപാകതകൾ | ലഭ്യമാക്കിയിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്. 23456/ സ്പെ.സെൽ/ സി.എസ്.സി./ സി-1/12/ 26.05.2015 | 117500 | - | ഇല്ല | - | - | - | 117500 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | ഈ തുക പഞ്ചായ ത്തിന്റെ ഡിമാ ന്റിൽ ഉൾപ്പെടു ത്തിയി ട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേ ഷിക്കുന്ന തുക ₹ | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾ പ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. 13409/spl/ | 2981 | | ഇല്ല | | | | | 2981 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Cell/(SC)02 12.09.2009 | | | | | | | | | |
| 2 | 1998-99 | 27, 29 | ശ്രീമതി. ടി. എൻ. സുബൈദ സെക്രട്ടറി | എൽ.എഫ്. 13409/spl/ Cell/(SC)02 12.09.2009 | 7595 | | | | | | | 7595 | |
| 3 | 2000-01 | 29(3) | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | | 9552 | |
| 4 | 2000-01 | 27 | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 17465/ സ്പെ. സെൽ എസ്.സി.2/2008 തീ.09.06.2009 | 8680 | | | | | | | 8680 | |
| 5 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 4800 | | | | | | | 4800 | |
| 6 | 2007-08 | 2.7 | ശ്രീ. ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 3500 | | | | | | | 3500 | |
| 7 | 1997-98 | 21 | ശ്രീ. കെ. എൻ. അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ/ എസ്.സി.1/2001 Dt.13.12.2001 | 2000 | | | | | | | 2000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹17956014.59 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹103121290.00 |
| ആകെ | ₹121077304.59 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹95974285.00 |
| നീക്കിയിരിപ്പ് | ₹25103019.59 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹66900.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5227339.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | | |
| 3-1 | | 66900 | 3935 | ശ്രീമതി. സിന്ധു ജോസ്, മെമ്പർ |
| | | | 3935 | ശ്രീ. പ്രദീപ് ജോർജ്ജ്, മെമ്പർ |
| | | | 3935 | ശ്രീമതി. മിനി ഷാജി, മെമ്പർ |
| | | | 3935 | ശ്രീ. അനിൽ ബാലകൃഷ്ണൻ, മെമ്പർ |
| | | | 3935 | ശ്രീമതി. ജോസ്മി ജോർജ്ജ്, മെമ്പർ |
| | | | 3935 | ശ്രീ. അലിയാർ കൊച്ചുമുഹമ്മദ്, മെമ്പർ |
| | | | 3935 | ശ്രീമതി. വിജി ജോർജ്ജ്, മെമ്പർ |
| | | | 3935 | ശ്രീമതി. ലൈല മാണി, മെമ്പർ |
| | | | 3935 | ശ്രീമതി. സനില വിജയൻ, മെമ്പർ |

| | | |
|---|---|---|
| | 3935 | ശ്രീ. സുരേഷ് സുകുമാരൻ, മെമ്പർ |
| | 3935 | ശ്രീമതി. മിനി സിബിച്ചൻ, മെമ്പർ |
| | 3935 | ശ്രീമതി. സുനിത കെ.എസ്., മെമ്പർ |
| | 3936 | ശ്രീ. ഡിക്ലാർക്ക് സെബാസ്റ്റ്യൻ, മെമ്പർ |
| | 3936 | ശ്രീ. ബിജുമോൻ തോമസ്, മെമ്പർ |
| | 3936 | ശ്രീ. തോമസ് ജോർജ്ജ്, മെമ്പർ |
| | 3936 | ശ്രീമതി. തെരേസ രാരിച്ചൻ, മെമ്പർ |
| | 3936 | ശ്രീ. ബിനു പി. ജോസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4827339 | ശ്രീ. ബിനാഷ് തോമസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-24 | 400000 | ശ്രീമതി. ജിയ ജോസഫ്, ഐ സി ഡി എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-20 | 11981 | കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാർ | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡിക

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനാഷ് തോമസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | ചേരുങ്കൽ നെടുങ്കണ്ടം പി.ഒ. നെടുങ്കണ്ടം, ഇടുക്കി |
| ശ്രീമതി. ജിയ ജോസഫ്, ഐ. സി. ഡി. എസ്. സൂപ്പർവൈസർ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | താന്നിവേലിൽ വീട്, കളമശ്ശേരി പി.ഒ., എറണാകുളം |
| ശ്രീ. ബിനു. പി. ജോസ്, സെക്രട്ടറി | സെക്രട്ടറി, കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് | ഇ. എസ്.എം. കോളനി, കുളത്തുപ്പുഴ പി.ഒ., കൊല്ലം |
| ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | നരിക്കുഴിയിൽ വീട്, ചെമ്പളം പി.ഒ. |
| ശ്രീമതി. വിജി ജോർജ്, മെമ്പർ | | തലച്ചിറയിൽ, പെരിയാർ വാലി, രാജാപുരം-685604 |
| ശ്രീ. തോമസ് ജോർജ്ജ് മെമ്പർ | | അരയത്തിനാൽ, മുരിക്കാശ്ശേരി – 685604 |
| ശ്രീമതി. ജോസ്മി ജോർജ്ജ്, മെമ്പർ | | കരോട്ടുമലയിൽ, സേനാപതി, പെരിഞ്ചാംകുട്ടി- 685604 |
| ശ്രീമതി. സുനിത. കെ.എസ്., മെമ്പർ | | കൊടിയാനിച്ചിറയിൽ, പതിനാറാംകണ്ടം, രാജമുടി- 685604 |
| ശ്രീ. സുരേഷ് സുകുമാരൻ, മെമ്പർ | | മരുത്തോലിൽ, ചെമ്പകപ്പാറ, പെരിഞ്ചാംകുട്ടി- 685604 |
| ശ്രീ. അനിൽ ബാലകൃഷ്ണൻ, മെമ്പർ | | കണ്ടത്തിൻകരയിൽ, വാത്തിക്കുടി, പടമുഖം-685604 |
| ശ്രീമതി. സിന്ധു ജോസ്, മെമ്പർ | | കുനംപാറയിൽ, തോപ്രാംകുടി, കൊന്നയ്ക്കാമാലി-685604 |
| ശ്രീമതി. മിനി സിബിച്ചൻ, മെമ്പർ | | വയലിൽ, ബഥേൽ- 685514 |
| ശ്രീമതി. ലൈല മാണി, മെമ്പർ | | കോടംകയത്ത്, തോപ്രാംകുടി -685609 |
| ശ്രീമതി. തെരേസ രാരിച്ചൻ, മെമ്പർ | | മുളകാട്ടിൽ, തോപ്രാംകുടി-685609 |
| ശ്രീ. ബിജുമോൻ തോമസ്, മെമ്പർ | | വടക്കേക്കരയിൽ പെരുംതൊട്ടി -685609 |
| ശ്രീമതി. സനില വിജയൻ, മെമ്പർ | | മണ്ണാത്തിപ്പാറയിൽ, തോപ്രാംകുടി -685609 |
| ശ്രീ. ഡിക്ലാർക്ക് സെബാസ്റ്റ്യൻ, മെമ്പർ | | ചക്കാംകുന്നേൽ, പടമുഖം-685604 |
| ശ്രീ. അലിയാർ കൊച്ചുമുഹമ്മദ്, മെമ്പർ | | കമ്മാത്തുകുടിയിൽ, പതിനാറാംകണ്ടം, മുരിക്കാശ്ശേരി -685604 |

| | | |
|---|---|---|
| ശ്രീമതി. മിനി ഷാജി, മെമ്പർ | | പുളിയ്ക്കകുന്നേൽ, ഉപ്പുതോട്-685604 |
| ശ്രീ. പ്രദീപ് ജോർജ്ജ്, മെമ്പർ | | വെള്ളൂക്കുന്നേൽ, മുരിക്കാശ്ശേരി- 685604 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2014-15 | KSA-IDK-13/1141/16/തീ.04.02.17 | 8 | 2-1(2), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2015-16 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 1 | 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2016-17 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 7 | 3-1, 3-4, 3-6, 3-7, 3-8, 3-13, 3-14 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2017-18 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 6 | 3-1, 3-2, 3-3, 3-5, 3-7, 3-9 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2018-19 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 8 | 1-11, 1-19, 1-24, 1-25, 1-26, 1-27, 1-28, 3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.11/641/22 തീയതി 10.05.2022 | 7 | 1-13, 1-14, 1-15, 1-18, 1-19, 3-1, 3-2 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.11/651/22 തീയതി 28.05.2022 | 12 | 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-25, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്